Draft #17 of File 14669/AcB1/2/2019 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Nov-2022 04:38 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് കോളേജുകൾ - ബി എ എം കോളേജ്, തുരുത്തികാട് - ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. അലക്സ് മാത്യു വിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനാംഗീകാര കാലയളവ് ദീർഘിപ്പിച്ചത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 11676/AC B 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.11.2022

---

*പരാമർശം:*-1. തുരുത്തികാട് ബി എ എം കോളേജ് മാനേജരുടെ 05.11.2022 തീയതിയിലെ 311/Appts/TS/343/2022നമ്പർ കത്ത്.

2. 31.08.2022 തീയതിയിലെ 8967/AC B1/2022/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്.

3. 04.07.2022 തീയതിയിലെ 7066/AC B1/2022/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്.

**ഉത്തരവ്**

തുരുത്തികാട് ബി എ എം കോളേജിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ആയ ടി കോളേജിലെ ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. അലക്സ് മാത്യു വിന്റെ നിയമനാംഗീകാര കാലാവധി 30.11.2022 **അപരാഹ്നം** അവസാനിക്കുന്ന സാഹചര്യത്തിൽ, ടിയാൾക്ക് തുടർനിയമനാംഗീകാരം നൽകണമെന്ന് പ്രസ്തുത കോളേജ് മാനേജർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

ഡോ. അലക്സ് മാത്യു വിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനം 01.09.2022 **പൂർവ്വാഹ്നം** മുതൽ 30.11.2022 **അപരാഹ്നം** വരെ ദീർഘിപ്പിച്ചത്, പരാമർശം (2) പ്രകാരം, സർവ്വകലാശാല അംഗീകരിച്ചിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ നിയമനകാലയളവ്, ഇത് സംബന്ധിച്ച കേരള ധനകാര്യ വകുപ്പിന്റെ 23.04.2022 തീയതിയിലെ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, പ്രസ്തുത സർക്കുലർ തീയതി മുതൽ നടപ്പിലാക്കി പരാമർശം (3) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ , മാനേജരുടെ അപേക്ഷ പരിഗണിച്ച്, തുരുത്തികാട് ബി എ എം കോളേജിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ആയി ടി കോളേജിലെ ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. അലക്സ് മാത്യു വിന്റെ നിയമനം 01.12.2022 **പൂർവ്വാഹ്നം മുതൽ**

**28.02.2023 അപരാഹ്നം** വരെ **മൂന്ന് മാസത്തേക്കോ, ടി കോളേജിൽ ഒരു സ്ഥിരം പ്രിൻസിപ്പലിനെ നിയമിച്ചത് സർവ്വകലാശാല അംഗീകരിക്കുന്നത് വരെയോ**, ഏതാണോ ആദ്യം അത് വരെ ദീർഘിപ്പിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, സ്റ്റാറ്റ്യൂട്ട് 78 ഭാഗം - ഇ അദ്ധ്യായം 45 പ്രകാരം പണം പിൻവലിച്ച് വിതരണം ചെയ്യുന്നതൊഴികെ പ്രിൻസിപ്പാളിന്റെ യാതൊരു അധികാരവും ഉപയോഗിക്കില്ലെന്ന വ്യവസ്ഥയും, പരാമർശം (3) **സർവ്വകലാശാല ഉത്തരവിലെ നിബന്ധന അനുസരിച്ച്, തുടർന്നും ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനം, നിയമനാംഗീകാര കാലാവധി ദീർഘിപ്പിക്കൽ എന്നിവ സർവ്വകലാശാല അംഗീകരിച്ചു നൽകുകയില്ല എന്ന വ്യവസ്ഥയും വിധേയമായി** അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ,കോട്ടയം.
3. മാനേജർ, ബി എ എം കോളേജ്, തുരുത്തിക്കാട് .
4. ഡോ. അലക്സ് മാത്യു , ബി എ എം കോളേജ്, തുരുത്തിക്കാട് .
5. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ
പ്രൈവറ്റ് സെക്രട്ടറി
6. രജിസ്ട്രാറുടെ /പരീക്ഷ കൺട്രോളറുടെ പി എ
7. ഐ ക്യു എ സി /സിഡി 1 സെക്ഷൻ / കണ്ടന്റ് മാനേജ്മെന്റ്
സെക്ഷൻ
8. കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #17 of File 14669/AcB1/2/2019 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Nov-2022 04:38 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം